(6 pages)

DECEMBER 2022 **U/ID 30728/ULD1A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അമ്മ ആദ്യമേ പറഞ്ഞതായിരുന്നു പോണ്ടാ എന്ന്. എന്നിട്ടും വന്നു: അമ്മ ഇതറിയുമ്പോൾ - സന്ദർഭമേത്?

2. എനിക്ക് നാലുകെട്ടും നെല്ലിന് പത്തായവും ഇല്യ. എന്നാലും ഞാനൊരു ആണാണ് - ആരുടെ വാക്കുകൾ? സന്ദർഭമേത്?

3. മീനാക്ഷിയേടത്തി എന്നൊരാൾ വീട്ടിനകത്തുണ്ടെന്ന് അധികമാരും അറിയില്ല - ഈ പ്രസ്താവനയ്ക്കുശേഷം അവരെക്കുറിച്ച് നോവലിൽ പറയുന്നതെന്ത്?

4. സെയ്താലിക്കുട്ടി അപ്പുണ്ണിയെ സഹായിച്ചത് ഏതു രീതിയിൽ? വിവരിക്കുക.

5. മോതിരത്തിൽ നോക്കിക്കൊണ്ടവർ പറഞ്ഞു. ''എനിക്കു പാകമാ'' - ഇങ്ങനെ പറയുന്നത് എപ്പോഴാണ്?

6. ഇതു വേണ്ട. സാറിനിതു നല്ല ഭംഗിയാ വേറൊന്നു മേടിച്ചു തന്നാൽ മതി. കാശു തരാം - ഇങ്ങനെ പറയുന്നതെപ്പോൾ? വിശദീകരിക്കുക.

7. ഞാൻ പാർവ്വതിയാണെന്നു ഭാവിച്ചുകൊണ്ടാ പണി. ഒടുക്കമൊണ്ടല്ലോ, പാർവതിയൊക്കെ ഒരുപോലെ - ആരുടെ വാക്കുകൾ? സന്ദർഭമേത്?

8. രാജ്യത്തിനുവേണ്ടി ത്യാഗം സഹിക്കുകയാണു പൗരന്റെ കടമ - കാൽച്ചക്രത്തിലെ ഈ അഭിപ്രായം വിലയിരുത്തുക.

9. എന്നെ വേളി കഴിച്ചത് പതിമൂന്ന് വയസ്സിലാ. ഈ മകരത്തിൽ ഇരുപതു കൊല്ലമാകും - സന്ദർഭമേത്?

10. ചുമ്മാതേം മറ്റും പണോണ്ടാകുകേല. ഞാൻ പറയുന്നതു കേക്കാവോ? നിങ്ങടെ മുട്ടൊക്കെ മാറും - സന്ദർഭമെഴുതുക.

11. അക്കാര്യമൊഴിച്ചു വല്ലതും പറയുന്നെങ്കിൽ ഞാൻ കേൾക്കാം. ഉദ്യോഗത്തിന്റെ കാര്യം എന്നോടു പറയണ്ട - സന്ദർഭമേത്?

12. അവന്റെ സ്ഥിതിയാണെങ്കിൽ ഉരലു മദ്ദളത്തിന്റെ അടുത്തു ചെന്നതുപോലെയായി - ഇങ്ങനെ സൂചിപ്പിക്കുന്ന സന്ദർഭമേത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോന്നും 200 വാക്കിൽ കവിയരുത്.

13. പക്വതയുള്ള കഥാപാത്രമാണ് നാലുകെട്ടിലെ അപ്പുണ്ണി - ചർച്ച ചെയ്യുക.

14. തകരുന്ന ഫ്യൂഡൽ വ്യവസ്ഥ നാലുകെട്ടിൽ കാണാനാവും - വിലയിരുത്തുക.

15. സെയ്താലിക്കുട്ടിയോടൊപ്പം വയനാട്ടിലെത്തുന്ന അപ്പുണ്ണിയുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടായി - എങ്ങനെ? വിശദീകരിക്കുക.

16. പാപ്പിയമ്മൂമ്മയും ഗോപാലനും തമ്മിൽ അടുപ്പമുണ്ടായതെങ്ങനെ? വിശദമാക്കുക.

17. കാരൂരിന്റെ കഥകൾ എല്ലാക്കാലത്തും പ്രസക്തമാകുന്നതെങ്ങനെ? പരിശോധിക്കുക.

18. അന്നു ശവം കാത്തുനിന്നയാളിനോടുപോലും അസൂയ തോന്നി ഇന്ന് കുറുപ്പിന് - പോലീസുകാരന്റെ ദൈന്യത്തെ ഇങ്ങനെയൊരു ചിന്തയിലേക്കെത്തിച്ചതെന്ത്?

19. അന്തർജ്ജനത്തിന് അപ്പുവിനോടുള്ള മനോഭാവം എന്തായിരുന്നു?

PART C — ($3 \times 10 = 30$ marks)

20. ഏതെങ്കിലും ഒരു ചോദ്യത്തിന് 500 വാക്കിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. ($1 \times 5 = 5$)

(a) സ്ത്രീസുരക്ഷയും കേരളവും

(b) ഓൺലൈൻവിദ്യാഭ്യാസം - പ്രസക്തിയും പ്രയോജനവും

(c) പരിസ്ഥിതിസംരക്ഷണം

21. തെറ്റു തിരുത്തുക : ($5 \times 1 = 5$)

(a) ഗുരുദരം

(b) വിഷാധം

(c) പട്ടാളകാരൻ

(d) ക്രിഷിക്കാരൻ

(e) പ്രസ്ഥാവന

22. ആശയം വിപുലീകരിക്കുക : $(2 \times 2\ \frac{1}{2}\ = 5)$

(a) അരമന രഹസ്യം അങ്ങാടിപ്പാട്ട്.

(b) നിത്യാഭ്യാസി ആനയെ എടുക്കും.

23. പരാവർത്തനം ചെയ്യുക : $(1 \times 5\ = 5)$

അന്യജീവനുതകി സ്വജീവിതം

ധന്യമാകുമമലേ വിവേകികൾ

24. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

$(1 \times 10\ = 10)$

Thanjavur is an important pilgrim centre and a major tourist destination of Tamil Nadu. South Zone Culture Centre in Thanjavur is one of the regional cultural centres established by the Government of India to preserve and promote cultural heritage of India. There were 2,002,225 Indian and 81,435 foreign tourist arrivals in 2009 to Thanjavur. The most visited monument in Thanjavur is the Brihadeeswarar Temple, whose construction, the historian Percy Brown described as "a landmark in the evolution of building art in

South India". Built in the 11th century by the Chola king Raja Raja Chola I (985-1014), the temple is dedicated to the Hindu god Shiva. The walls of the sanctum are covered with wall paintings from the Chola and Nayak periods. The temple was designated a UNESCO World Heritage Site in 1987. It is replicated in the Gangaikonda Cholesvarar Temple constructed by Raja Raja's son Rajendra Chola I (1012-44). The Saraswathi Mahal Library, established around 1700 and located in the premises of the palace, contains over 30,000 Indian and European manuscripts written on palm leaf and paper. Over eighty per cent of its manuscripts are in Sanskrit and many of them are on palm leaves. The Tamil works include treatises on medicine, and commentaries on Sangam literature.
